I. ഇ.ബി. XV-കേരള നിയമസഭ/XIII-4

**പതിനഞ്ചാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

2025 ജനുവരി 22, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ശ്രദ്ധ ക്ഷണിക്കൽ

നെല്ല് സംഭരണത്തിന് പ്രത്യേക സഹായ പദ്ധതികൾ

ശ്രീ. മുരളി പെരുനെല്ലി: സംസ്ഥാനത്ത് നെല്ല് സംഭരണത്തിലുണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ പ്രത്യേക സംവിധാനം നടപ്പിലാക്കണം. ഉൽപാദനക്ഷമതയുള്ള വിത്തുകൾ യഥാസമയം ലഭ്യമാക്കുക, ഏജന്റുമാരുടെ ചൂഷണം അവസാനിപ്പിക്കുക, കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം സമയബന്ധിതമായി നൽകുക എന്നിവയാണ് പ്രധാനപ്പെട്ട ആവശ്യങ്ങൾ. നെല്ല് സംഭരണ സംവിധാനം

ശക്തമാക്കുകയും വർധിച്ച പശ്ചാത്തല ചെലവുകൾ പരിഗണിച്ച് സംഭരണവില 30 രൂപയായി വർധിപ്പിക്കുകയും അത് കാലതാമസമില്ലാതെ കർഷകർക്ക് ലഭ്യമാക്കുകയും വേണം. നെല്ല് സംഭരണത്തിലെ അപാകതകൾ പരിഹരിക്കുന്നതോടൊപ്പം വൈക്കോൽ സംഭരിക്കാനുള്ള നടപടിയും ഉണ്ടാകണം. സഹകരണ സംഘങ്ങളെ സംഭരണ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിനും സർക്കാർ സംവിധാനത്തിൽ നെല്ല് സംഭരിച്ച് അരിയാക്കുന്നതിനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സംസ്ഥാനത്ത് മാതൃകാപരമായ വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്. താങ്ങുവിലയോടൊപ്പം പ്രോത്സാഹന ബോണസുകൂടി നൽകിയാണ് നെല്ല് സംഭരിക്കുന്നത്. നെൽകൃഷി വികസന പദ്ധതിയിലൂടെ ഗുണമേന്മയും അത്യുൽപാദന ശേഷിയുമുള്ള നെൽവിത്ത് ലഭ്യമാക്കിയും ശാസ്ത്രീയ നെൽകൃഷിക്കുവേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകിയും ഉൽപാദനോപാധികളുടെയും യന്ത്രോപകരണങ്ങളുടെയും ലഭ്യത ഉറപ്പാക്കിയും പരമാവധി ഉൽപാദനം എന്ന ലക്ഷ്യത്തിലേക്ക് എത്താനുതകുന്ന പ്രവർത്തനങ്ങളാണ് കൈക്കൊണ്ടുവരുന്നത്. ഉൽപാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനാധിഷ്ഠിതമായി

നെല്ലിന് താങ്ങുവില നിശ്ചയിക്കണമെന്നും കിലോയ്ക്ക് 40 രൂപയായി താങ്ങുവില ഉയർത്തണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടും നാളിതുവരെ നടപടികളുണ്ടായിട്ടില്ല. നെല്ല് സംഭരണ പ്രക്രിയയുമായി ബന്ധപ്പെട്ട് സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച വിദഗ്ധ സമിതി റിപ്പോർട്ടിലെ ശിപാർശകൾ മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്. സംഭരിക്കുന്ന നെല്ല് സർക്കാർ സംവിധാനത്തിലൂടെ അരിയാക്കി വിൽക്കുന്ന സംവിധാനം സംബന്ധിച്ച് മന്ത്രിസഭാ ഉപസമിതി പരിശോധിക്കുന്നതാണ്. സംഭരണവില വർധിപ്പിക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കുന്നതാണ്.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിക്കപ്പെട്ടില്ല.)

## II സബ്മിഷൻ

### (1) <u>പുത്തൻവേലിക്കരയിൽ ബാലികയെ പീഡിപ്പിച്ച സംഭവം</u>

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): പറവൂർ പുത്തൻവേലിക്കരയിൽ നാലുവയസ്സുള്ള പെൺകുട്ടിയെ പീഡിപ്പിച്ച കേസിലെ പ്രതിയെ അടിയന്തരമായി അറസ്റ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പറവൂർ പുത്തൻവേലിക്കരയിൽ നാലുവയസുള്ള പെൺകുട്ടിയെ അയൽവാസി ലൈംഗികമായി പീഡിപ്പിച്ച കേസിൽ ചെങ്ങമനാട് പോലീസ് സ്റ്റേഷനിൽ പോക്സോ നിയമപ്രകാരവും ഭാരതീയ ന്യായ സംഹിതയിലെ വിവിധ വകുപ്പുകൾ പ്രകാരവും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കുട്ടിയുടെ രഹസ്യമൊഴി രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പോക്സോ നിയമത്തിലെ കൂടുതൽ വകുപ്പുകൾ ഉൾപ്പെടുത്തി അന്വേഷണം നടത്തിവരികയാണ്. ഒളിവിൽ പോയ പ്രതിയെ പിടികൂടുന്നതിനായി പ്രതിയുടെയും ബന്ധുക്കളുടെയും ഫോൺകോൾ വിവരങ്ങൾ ഉൾപ്പെടെ ശേഖരിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്. കുറ്റവാളികൾക്ക് യാതൊരുവിധ സംരക്ഷണവും നൽകുന്ന സമീപനമല്ല സർക്കാരിനുള്ളത്. കുറ്റവാളിയെ നിയമത്തിനുമുമ്പിൽ കൊണ്ടുവന്ന് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതാണ്.

## (2) പുലിയുടെ ആക്രമണം തടയുന്നതിന് നടപടി

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: കാസർഗോഡ് ജില്ലയിൽ ഒരു ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കാനും പുലിയുടെ ആക്രമണത്തിൽനിന്നും ജനങ്ങളെ സംരക്ഷിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കാസർഗോഡ് ജില്ലയിൽ പുലിയുടെ സാന്നിധ്യം റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് വിദഗ്ധ സമിതിയുടെ നേതൃത്വത്തിൽ രണ്ട് കൂട്ടുകൾ സ്ഥാപിച്ച് പുലിയെ പിടികൂടുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. കൂടാതെ നാല് RRT– കളുടെ പ്രത്യേക പ്രവർത്തനം ആരംഭിക്കുകയും 17 സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും അടിക്കാടുകൾ വെട്ടി വൃത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വന്യജീവി ആക്രമണം രൂക്ഷമായ പ്രദേശങ്ങളെ ഹോട്ട് സ്പോട്ടുകളായി പ്രഖ്യാപിച്ച് പ്രത്യേക ടീമിനെ നിയോഗിച്ച് ജനങ്ങളുടെ ഭീതി അകറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) കോതമംഗലം പ്രദേശത്തെ വന്യജീവി ആക്രമണം

ശ്രീ. ആന്റണി ജോൺ: കോതമംഗലം നിയോജകമണ്ഡലത്തിലും സമീപ പ്രദേശത്തും വന്യജീവി ആക്രമണംമൂലം ജനങ്ങൾ ദുരിതത്തിലാണ്. വന്യജീവി ആക്രമണം തടയുന്നതിന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും കൃഷിനാശം സംഭവിച്ചവർക്ക്

നഷ്ടപരിഹാരം നൽകുന്നതിനും ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് ജോലി നൽകുന്നതിനും നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കോതമംഗലം നിയോജകമണ്ഡലത്തിൽ വന്യജീവി ആക്രമണം നേരിടുന്നതിന് 650 ലക്ഷം രൂപ അനുവദിച്ച് പ്രതിരോധ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതിനുപുറമെ മൂന്ന് RRT-കളും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഡിവിഷൻ എമർജൻസി കൺട്രോൾ റൂമുകളും പ്രവർത്തിച്ചുവരികയുമാണ്. നിലവിലുള്ള പ്രശ്നങ്ങൾ പരിശോധിക്കുന്നതിന് മുഖ്യ വനപാലകൻ ഈയാഴ്ച തന്നെ കോതമംഗലത്തെത്തി മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കേണ്ട പരിപാടികൾ സംബന്ധിച്ച് രൂപരേഖ നൽകുന്നതാണ്. കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം വർധിപ്പിക്കാനുള്ള നടപടികൾ റവന്യൂ-വനം-കൃഷി വകുപ്പുകൾ സംയുക്തമായി സ്വീകരിച്ചുവരികയാണ്.

### (4) കോന്നി ബസ് സ്റ്റേഷൻ നിർമ്മാണവും മലയോര മേഖലയിലെ ബസ് സർവീസ് പുനഃസ്ഥാപിക്കലും

ശ്രീ. കെ. യു. ജനീഷ് കുമാർ: കോന്നി ബസ് സ്റ്റേഷന്റെ ശേഷിച്ച നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗം പൂർത്തീകരിക്കുന്നതിനും മലയോര മേഖലയിൽ നിർത്തലാക്കിയ സർവീസ് പുനരാരംഭിക്കുന്നതിനും കോന്നി

മെഡിക്കൽ കോളേജിലേക്ക് പുതിയ സർവീസുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): കോന്നി ബസ് സ്റ്റേഷന്റെ നിർമ്മാണം 90 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. കോന്നി അടക്കമുള്ള പ്രദേശങ്ങളിലെ മലയോര മേഖലകളിലും ഗ്രാമപ്രദേശങ്ങളിലും വാഹന സൗകര്യങ്ങളില്ലാത്ത സ്ഥലങ്ങളെക്കുറിച്ച് പഠനം നടത്തി നിലവിലുള്ള സ്വകാര്യ ബസുകൾക്ക് തടസ്സമുണ്ടാക്കാതെ പുതിയ റൂട്ടുകൾ ഫോർമുലേറ്റ് ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്. ഉൾഗ്രാമ പ്രദേശങ്ങളിലെല്ലാം ബസുകൾ സർവീസ് നടത്തുന്ന രീതിയിൽ ഉടൻതന്നെ റൂട്ട് ഫോർമുലേറ്റ് ചെയ്തുകൊണ്ടുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതാണ്. മലയോര മേഖലയിലെ സർവീസുകൾ നഷ്ടത്തിലാണെങ്കിലും ജനപ്രതിനിധികൾ ഉന്നയിക്കുന്ന വിഷയം അനുഭാവപൂർവ്വം പരിഗണിക്കും. പ്രൈവറ്റ് ബസുകൾ സർവീസ് നടത്താൻ സാധ്യതയുള്ള റൂട്ടുകളൊഴിച്ച് ബാക്കി റൂട്ടുകളിൽ സർവീസ് നടത്തുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതാണ്.

## (5) വാഹനാപകടത്തിൽ മരണമടഞ്ഞ നാടക കലാകാരികളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം

ശ്രീ. സി. ആർ. മഹേഷ്: കണ്ണൂരിൽ വാഹനാപകടത്തിൽ മരണമടഞ്ഞ നാടക കലാകാരികളായ ജെസി മോഹൻ, അഞ്ജലി ഉല്ലാസ് എന്നിവരുടെ കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനും അപകടത്തിൽ പരിക്കേറ്റവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനും നാടക സമിതിക്ക് അടിയന്തര സാമ്പത്തിക സഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): കണ്ണൂരിൽ വാഹനാപകടത്തിൽ മരണമടഞ്ഞ നാടക കലാകാരികളുടെ ശവസംസ്കാര ചടങ്ങുകൾക്കായി 25000 രൂപ അടിയന്തര ധനസഹായമായി നൽകുകയും പരിക്കേറ്റ കലാകാരന്മാരുടെ ചികിത്സാ ചെലവ് പൂർണ്ണമായി സർക്കാർ വഹിക്കുന്നതാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. മരണമടഞ്ഞവരുടെ ആശ്രിതർക്കും നാടക സമിതിക്കും ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(6) <u>പെട്രോൾ പമ്പ്, പാചകവാതക തൊഴിലാളികളുടെ ആനുകൂല്യങ്ങൾ</u>

<u>ശ്രീ. കെ. വി. സുമേഷ്</u>: പെട്രോൾ പമ്പ്, പാചകവാതക തൊഴിലാളികൾക്ക് പ്രഖ്യാപിച്ച മിനിമം വേതനം ഉറപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): പെട്രോൾ പമ്പ്, പാചകവാതക തൊഴിലാളികൾക്ക് പ്രഖ്യാപിച്ചിരുന്ന മിനിമം വേതനം പുനർനിർണ്ണയിച്ച ഉത്തരവിന്മേലുള്ള ഹൈക്കോടതി സ്റ്റേ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. പാചകവാതക വിതരണ തൊഴിലാളികളുടെ പൊതുവായ പ്രശ്നങ്ങൾ ഇതുമായി ബന്ധപ്പെട്ട വ്യവസായ ബന്ധസമിതിയിൽ ചർച്ച ചെയ്തുവരികയാണ്. ഇവർക്ക് മിനിമം വേതനം ലഭിക്കുന്നില്ലെങ്കിൽ ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസർമാർക്ക് പരാതി നൽകി പരിഹാരം കാണാവുന്നതാണ്. എൽ.പി.ജി. പ്ലാന്റുകളിലെ സിലിണ്ടർ ട്രക്ക് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ അടങ്ങുന്ന കരാർ കാലാവധി അവസാനിച്ചതിനാൽ അഞ്ച് വർഷ കാലാവധിയുള്ള പുതുക്കിയ കരാർ ഒപ്പുവച്ചിട്ടുണ്ട്.

(7) നീലേശ്വരം എടത്തോട് റോഡ്, ഹോസ്ദുർഗ്-പാണത്തൂർ റോഡ് പൂർത്തീകരണം

ശ്രീ. ഇ. ചന്ദ്രശേഖരൻ: നീലേശ്വരം എടത്തോട് റോഡ്, ഹോസ്ദുർഗ്-പാണത്തൂർ റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): നീലേശ്വരം എടത്തോട് റോഡിന്റെ നിർമ്മാണ പ്രവൃത്തിയിൽ നഷ്ടം വരുത്തിയ കരാറുകാരനെ ടെർമിനേറ്റ് ചെയ്തതിനെത്തുടർന്ന് അധിക ഭൂമിയേറ്റെടുക്കുന്നതിനും യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുമുള്ള ധനാനുമതി പുതുക്കി ശേഷിക്കുന്ന പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുൾപ്പെടെ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഹോസ്ദുർഗ്-പാണത്തൂർ റോഡിന്റെ നിർമ്മാണം 52% പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കാൻ പ്രോജക്ട് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(8) ഉളിക്കൽ-മാട്ടറ-കാലാങ്കി റോഡ് നിർമ്മാണം

ശ്രീ. സജീവ് ജോസഫ്: കണ്ണൂർ ജില്ലയിലെ ഇരിട്ടി-ഉളിക്കൽ-മാട്ടറ-കാലാങ്കി റോഡ് അടിയന്തരമായി നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ഉളിക്കൽ-മാട്ടറ-കാലാങ്കി റോഡ് നിർമ്മാണം പുരോഗമിച്ചുവരികയാണ്. നിലവിൽ 9 കൾവെർട്ടുകളുടെ പകുതിഭാഗവും 650 മീറ്റർ ഡ്രെയിനേജും പൂർത്തിയാക്കിയിട്ടുണ്ട്. പൂർത്തീകരണ കാലാവധിയായ ഒൻപത് മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതാണ്.

(9) തലപ്പാടി-ചെങ്കള റീച്ച് പ്രവൃത്തി പൂർത്തീകരണം

ശ്രീ. എ. കെ. എം. അഷ്റഫ്: ദേശീയപാത 66-ലുൾപ്പെട്ട തലപ്പാടി-ചെങ്കള റീച്ച് റോഡ് പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): നിലവിലുള്ള തടസ്സങ്ങൾ ദൂരീകരിച്ച് ദേശീയപാത 66-ലുൾപ്പെട്ട തലപ്പാടി-ചെങ്കള റീച്ചിന്റെ പ്രവൃത്തി അതിവേഗം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(10) കാളപൂട്ട്, മരമടി, കാളയോട്ടം മത്സരങ്ങൾ

ശ്രീ. പി. ടി. എ. റഹീം: സംസ്ഥാനത്ത് നിരോധിച്ച കാളപൂട്ട്, മരമടി, കാളയോട്ട മത്സരങ്ങൾ പുനരാരംഭിക്കുന്നതിന് നിയമനിർമ്മാണം നടത്തണം.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സംസ്ഥാനത്ത് കാളപൂട്ട്, മരമടി, കാളയോട്ടം നിയമപരമായി നടത്തുന്നതിനുള്ള ഓർഡിനൻസിന് കേന്ദ്ര സർക്കാരിന്റെ അനുവാദം ലഭ്യമാകാത്ത സാഹചര്യത്തിൽ നിയനിർമ്മാണം നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത നിയമനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് അടിയന്തര നടപടി സ്വീകരിച്ചുവരികയാണ്.

(11) തിരൂരങ്ങാടി താലൂക്കാശുപത്രിയിലെ ഡോക്ടർമാരിൽനിന്നും രോഗികൾ നേരിടുന്ന ദുരനുഭവങ്ങൾ

ശ്രീ. കെ. പി. എ. മജീദ്: തിരൂരങ്ങാടി താലൂക്കാശുപത്രിയിലെ ഡോക്ടർമാരിൽനിന്നും രോഗികൾക്കുണ്ടാകുന്ന ദുരനുഭവങ്ങൾ അവസാനിപ്പിക്കുന്നതിനും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പോസ്റ്റ്മോർട്ടം സംബന്ധിച്ച മാർഗനിർദേശങ്ങളിൽ വ്യക്തത വരുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): തിരൂരങ്ങാടി താലൂക്കാശുപത്രിയിലെ ഡോക്ടർമാരിൽനിന്നും രോഗികൾ നേരിടുന്ന ദുരനുഭവങ്ങൾ സംബന്ധിച്ച് ഡി.എച്ച്.എസ്. തലത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. മെഡിക്കൽ കോളേജിന്റെ പ്രോക്സിമിറ്റി, പോലീസ്

സർജനുള്ള ആശുപത്രികളുടെ സാമീപ്യം എന്നിവ കണക്കിലെടുത്ത് കൂടുതൽ തസ്തികകൾ സൃഷ്ടിക്കാൻ കഴിയുമോയെന്നും നിലവിലെ നിയമത്തിന്റെ അടിസ്ഥാനത്തിൽ പോസ്റ്റ്മോർട്ടം സംബന്ധിച്ച മാർഗനിർദേശങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ സാധിക്കുമോയെന്നും പരിശോധിക്കുന്നതാണ്.

## (12) <u>റേഷൻ വ്യാപാരികളുടെ കടയടപ്പുസമരം ഒഴിവാക്കൽ</u>

<u>ശ്രീ. ജി. സ്റ്റീഫൻ</u>: നിലവിലെ കമ്മീഷൻ പാക്കേജ് പരിഷ്കരിക്കുക, കമ്മീഷൻ അതത് മാസം തന്നെ നൽകുക, ഭക്ഷ്യധാന്യങ്ങൾക്ക് പകരം പണം നൽകുന്ന DBT പദ്ധതി നടപ്പാക്കാനുള്ള കേന്ദ്ര നീക്കം ഉപേക്ഷിക്കുക എന്നീ ആവശ്യങ്ങളുന്നയിച്ച് റേഷൻ വ്യാപാരികൾ 2025 ജനുവരി 27 മുതൽ നടത്താൻ തീരുമാനിച്ചിട്ടുള്ള അനിശ്ചിതകാല കടയടപ്പുസമരം ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (<u>ശ്രീ. ജി. ആർ. അനിൽ</u>): റേഷൻ വ്യാപാരികളുടെ വിവിധ ആവശ്യങ്ങളോട് സർക്കാരിന് യോജിപ്പാണുള്ളത്. അതുസംബന്ധിച്ച് വീണ്ടും ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാണ്. നിലവിലെ കമ്മീഷൻ പാക്കേജ് പരിഷ്കരിച്ച് അതത് മാസംതന്നെ കമ്മീഷൻ നൽകണമെന്ന ആവശ്യം സാമ്പത്തിക ബുദ്ധിമുട്ട് മാറുന്നമുറയ്ക്ക്

പരിഗണിക്കുന്നതാണ്. ഈ സാഹചര്യത്തിൽ റേഷൻ വ്യാപാരികൾ പ്രഖ്യാപിച്ചിട്ടുള്ള അനിശ്ചിതകാല സമരത്തിൽനിന്നും പിൻതിരിയണമെന്ന് അഭ്യർഥിക്കുന്നു.

(13) മണിയാർ പ്രോജക്ട് കെ.എസ്.ഇ.ബി.എൽ.-ന് കൈമാറുന്നതിന് നടപടി

ശ്രീ. രമേശ് ചെന്നിത്തല: Build-Operate-Transfer (BOT) വ്യവസ്ഥയിൽ സ്ഥാപിക്കപ്പെട്ട മണിയാർ ചെറുകിട ജലവൈദ്യുത പദ്ധതി കെ.എസ്.ഇ.ബി.എൽ-ന് കൈമാറുന്നതിന് നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): മണിയാർ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ BOT കാലാവധി ദീർഘിപ്പിക്കുന്നത് കെ.എസ്.ഇ.ബി.എൽ.-ന് വലിയ നഷ്ടമുണ്ടാക്കുകയും സംസ്ഥാനത്ത് വൈദ്യുതി ചാർജ് വർധനവിന് കാരണമാകുകയും ചെയ്യും. പ്രസ്തുത പദ്ധതി കാർബൊറണ്ടം യൂണിവേഴ്സൽ ലിമിറ്റഡിൽനിന്നും ഏറ്റെടുക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. നോട്ടീസ് നൽകിയിട്ടുണ്ട്. ധനകാര്യം, നിയമം, വ്യവസായം എന്നീ വകുപ്പുകളുടെ അഭിപ്രായങ്ങൾക്കൂടി പരിഗണിച്ചശേഷം കെ.എസ്.ഇ.ബി.എൽ.-ന് ദോഷകരമാകാത്തതും വ്യാവസായിക

അന്തരീക്ഷത്തിന് ഗുണകരവുമായ ഒരു തീരുമാനമെടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കാർബൊറണ്ടം യൂണിവേഴ്സൽ ലിമിറ്റഡ് മണിയാർ ചെറുകിട ജലവൈദ്യുത പദ്ധതി ഫലപ്രദമായി നടത്തുന്നുണ്ട്. Captive generation units-നെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് സർക്കാരിനുള്ളത്. Ease of Doing Business-ൽ കേരളം ഒന്നാം സ്ഥാനത്താണ്. അതിനാൽ, വ്യവസായങ്ങൾക്ക് നേരത്തേ അനുവദിച്ച സൗകര്യങ്ങൾ നിഷേധിക്കുന്ന നടപടി സ്വീകരിക്കുന്നത് പ്രായോഗികമല്ല.

## III നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

### സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻകാരുടെയും വിവിധ ആനുകൂല്യങ്ങൾ നിഷേധിച്ചത് സംബന്ധിച്ച്

മി. സ്പീക്കർ: അഞ്ച് വർഷത്തിലേറെയായി കേരളത്തിലെ സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻകാരുടെയും വിവിധ ആനുകൂല്യങ്ങൾ നിഷേധിച്ചതും പന്ത്രണ്ടാം ശമ്പള പരിഷ്കരണ കമ്മിഷനെ നിയമിക്കാത്തതുമായ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്,

പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർക്കാർ ജീവനക്കാർക്ക് ലീവ് സറണ്ടർ, ശമ്പള പരിഷ്കരണം, ക്ഷാമബത്ത കുടിശ്ശികകൾ എന്നീ ആനുകൂല്യങ്ങൾ കഴിഞ്ഞ അഞ്ച് വർഷമായി നൽകുന്നില്ലെന്ന വാദം പൂർണ്ണമായും ശരിയല്ല. ഇടപതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ജീവനക്കാരോട് അനുഭാവപൂർവ്വമായ നിലപാടാണ് എക്കാലത്തും സ്വീകരിച്ചിട്ടുള്ളത്. ജീവനക്കാരുടെയും സംഘടനകളുടെയും ഭാഗത്തുനിന്ന് ഈ ആനുകൂല്യങ്ങൾക്കുവേണ്ടി നിരന്തരമായ ആവശ്യങ്ങൾ ഉയർന്നുവരുന്നുണ്ട്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും തസ്തികകൾ വെട്ടിക്കുറയ്ക്കാതെ കൂടുതൽ പേർക്ക് നിയമനം നൽകി. കഴിഞ്ഞ വർഷം ജീവനക്കാർക്ക് രണ്ട് ഗഡു ക്ഷാമബത്ത നൽകിയിട്ടുണ്ട്. ഉയർന്ന ശമ്പളമുള്ള ജീവനക്കാരുടെ ലീവ് സറണ്ടർ മാത്രമാണ് പി.എഫ്.-ൽ ലയിപ്പിക്കുന്നത്. പെൻഷൻ പരിഷ്കരണ കുടിശ്ശിക ഈ വർഷംതന്നെ നൽകുന്നതാണ്. കോവിഡ് സമയത്ത് സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും പരിഷ്കരിച്ച ഏക സംസ്ഥാനം കേരളമാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ചട്ടം 300 പ്രകാരം മുഖ്യമന്ത്രി നടത്തിയ പ്രസ്താവനയിൽ

പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പാക്കും. സർക്കാർ ജീവനക്കാരുടെ എല്ലാ ആനുകൂല്യങ്ങളും കാലോചിതമായി നൽകുന്നതാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻകാരുടെയും ശമ്പള പരിഷ്കരണ കുടിശ്ശിക, ക്ഷാമബത്ത കുടിശ്ശിക, ലീവ് സറണ്ടർ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ തടഞ്ഞുവച്ച് ജീവനക്കാർക്ക് അർഹതപ്പെട്ട അവകാശങ്ങളും ആനുകൂല്യങ്ങളും നിഷേധിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. മുൻകാല പ്രാബല്യമില്ലാതെയും കേന്ദ്ര ഡി.എ.-യുടെ റഫറൻസില്ലാതെയും ഉത്തരവിറക്കി ജീവനക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രണ്ട് ഗഡു ക്ഷാമബത്ത മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ലീവ് സറണ്ടർ തടഞ്ഞുവച്ചും സർവീസ് വെയ്റ്റേജ്, എഫ്.ബി.എസ്, സി.സി.എ. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എടുത്തുമാറ്റിയും ജീവനക്കാരെ കൂടുതൽ ദുരിതത്തിലാഴ്ത്തുകയാണ് ചെയ്തത്. പോലീസുകാരുടെ പരിശീലന കാലം സർവീസായി പരിഗണിച്ച് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനും സർക്കാർ ജീവനക്കാരുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ച് സംതൃപ്തമായ സിവിൽ സർവീസ് പ്രാപ്യമാക്കുന്നതിനും ശമ്പള

പരിഷ്കരണ കുടിശ്ശികയുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും 12-ാം ശമ്പളപരിഷ്കരണ കമ്മിഷനെ നിയമിക്കുന്നതിനും സർക്കാർ തയ്യാറാകണം. ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണം.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: ഇൻഡ്യയിൽ അഞ്ചുവർഷത്തിലൊരിക്കൽ ശമ്പള പരിഷ്കരണം നടപ്പാക്കുന്ന ചുരുക്കം ചില സംസ്ഥാനങ്ങളിലൊന്ന് കേരളമാണ്. സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും മറ്റാനുകൂല്യങ്ങളും കൃത്യമായി നൽകുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പങ്കാളിത്ത പെൻഷൻ പദ്ധതിക്കുപകരം അഷ്വേർഡ് പെൻഷൻ പദ്ധതി വേണമെന്ന നിലപാടാണ് സർക്കാരിനുള്ളത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ പി.എസ്.സി. നിയമനങ്ങൾ നടക്കുന്നത് കേരളത്തിലാണ്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും യഥാസമയം ശമ്പളവും പെൻഷനും നൽകാൻ സർക്കാർ ശ്രമിച്ചിട്ടുണ്ട്. മെഡിസെപ് പദ്ധതിയിലൂടെ ഇതുവരെ ഏകദേശം 2000 കോടി രൂപയുടെ ആനുകൂല്യങ്ങൾ നൽകുകയും പദ്ധതിയിലെ പോരായ്മകൾ പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോകുകയും ചെയ്യുന്നതാണ്. ലോകത്ത് ആദ്യമായി സർക്കാർ ജീവനക്കാർക്കായി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയ സംസ്ഥാനം

കേരളമാണ്. സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആനുകൂല്യങ്ങൾ നൽകുമെന്ന കാര്യത്തിൽ യാതൊരു ആശങ്കയുടെയും ആവശ്യമില്ല. ആയതിനാൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കേണ്ടതില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഇടതുപക്ഷ സർക്കാരിന്റെ നയരേഖയാണ് ഗവർണ്ണർ അവതരിപ്പിച്ചത്. കേരളത്തിൽ വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ പടുത്തുയർത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്. വികസനപ്രവർത്തനങ്ങളെ അട്ടിമറിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. കിഫ്ബി വഴി 18445 കോടി

രൂപയുടെ വികസന പ്രവർത്തനങ്ങൾ പൊതുമരാമത്ത് രംഗത്ത് നടപ്പാക്കുകയും 60 ശതമാനം റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേക്ക് ഉയർത്തുകയും ചെയ്തിട്ടുണ്ട്. ആതുരസേവന/വിദ്യാഭ്യാസ മേഖലകളുൾപ്പെടെ സമസ്ത മേഖലകളിലും നടത്തിയ വികസന പ്രവർത്തനങ്ങൾ എടുത്തുപറയത്തക്കതാണ്. സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാനുള്ള നടപടി അഭിനന്ദനാർഹമാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ എതിർക്കുന്നു. നടപ്പാകാത്ത പദ്ധതികളും ആശയങ്ങളുമാണ് നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. കേരളത്തിന്റെ സമഗ്ര വികസനത്തിനോ പുരോഗതിക്കോ വഴിതെളിക്കുന്ന ഒരു പദ്ധതിയും ഇതിലുൾപ്പെടുത്തിയിട്ടില്ല. പാലക്കാട് മദ്യനിർമ്മാണശാല ആരംഭിക്കുന്നതിന് ടെൻഡർ ക്ഷണിക്കാതെ ഒയാസിസ് കൊമേഴ്സ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കാനും പ്രസ്തുത പദ്ധതി പിൻവലിക്കാനും തയ്യാറാകണം. പി.പി.ഇ. കിറ്റ് അഴിമതി സംബന്ധിച്ച സി. ആൻഡ് എ.ജി. റിപ്പോർട്ട് ആക്ഷേപകരമാണ്. 89 സ്ഥലങ്ങൾ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളായി പ്രഖ്യാപിച്ച് മദ്യവിതരണ

യൂണിറ്റുകൾ അനുവദിക്കാനും കേരളത്തെ മദ്യാലയമാക്കാനും ശ്രമിക്കുന്ന സർക്കാരിന്റെ നടപടി പ്രതിഷേധാർഹമാണ്.

ശ്രീ. ഇ. കെ. വിജയൻ: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്താങ്ങുന്നു. നവകേരളം പടുത്തുയർത്താനുള്ള ദീർഘവീക്ഷണത്തോടെയുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ട് പോകുന്നത്. ഭൗതിക-അടിസ്ഥാന സൗകര്യ വികസനം, വിജ്ഞാനാധിഷ്ഠിത വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, എല്ലാവർക്കും വീട്, അതിദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവയിലധിഷ്ഠിതമായ നവകേരളമാണ് സർക്കാർ ലക്ഷ്യമിടുന്നത്. പ്രളയം, കോവിഡ്, ഉരുൾപൊട്ടൽ, നോട്ട് നിരോധനം തുടങ്ങിയ പ്രതിസന്ധികളെ അതിജീവിച്ചാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സംസ്ഥാനത്തോടുള്ള കേന്ദ്ര സർക്കാരിന്റെ സമീപനം പ്രതിഷേധാർഹമാണ്. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 180857 കുടുംബങ്ങൾക്ക് പട്ടയവും 424800 കുടുംബങ്ങൾക്ക് വീടും 64006 അതിദരിദ്ര കുടുംബങ്ങൾക്ക് വീടടക്കമുള്ള അടിസ്ഥാനസൗകര്യങ്ങളും നൽകാനായത് അഭിമാനാർഹമാണ്. പൊതുവിദ്യാഭ്യാസത്തെ ശാക്തീകരിക്കുകയും ആശുപത്രി സംവിധാനങ്ങൾ മെച്ചപ്പെടുത്തുകയും സമസ്ത മേഖലകളിലും പശ്ചാത്തല സൗകര്യങ്ങളൊരുക്കുകയും ചെയ്തത് സർക്കാരിന്റെ

എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. കേന്ദ്ര സർക്കാർ സാമ്പത്തികമായി തകർക്കാൻ ശ്രമിക്കുമ്പോഴും പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ സംസ്ഥാന സർക്കാർ മുടക്കംകൂടാതെ നടപ്പാക്കുന്നത് അഭിനന്ദനാർഹമാണ്. 2020-21 സാമ്പത്തിക വർഷം 47661 കോടി രൂപയായിരുന്ന നികുതി വരുമാനം 2023-24-ൽ 77038 കോടി രൂപയായി വർധിപ്പിക്കാൻ സാധിച്ചു. കേന്ദ്ര വിഹിതത്തിൽ കുറവ് വരുത്തിയതും ജി.എസ്.ടി. നഷ്ടപരിഹാരവും റവന്യൂ കമ്മി ഗ്രാന്റുകളും നിയന്ത്രണവ്യവസ്ഥകളോടെ കേന്ദ്രാവിഷ്കൃത പദ്ധതികളുമായി കൂട്ടിയോജിപ്പിച്ച് നിർത്തലാക്കിയതും അപലപനീയമാണ്. ഹരിതകർമ്മ സേനയെ ശക്തിപ്പെടുത്തി മാലിന്യമുക്ത കേരളം ക്യാമ്പയിൻ യാഥാർത്ഥ്യമാക്കിയത് ശ്ലാഘനീയമാണ്. ആരോഗ്യ-വിദ്യാഭ്യാസ-സംരംഭക മേഖലകളിൽ വൻകുതിച്ചുചാട്ടമാണുണ്ടായിട്ടുള്ളത്. മാതൃ-ശിശു മരണനിരക്ക് താരതമ്യേന കുറഞ്ഞ സംസ്ഥാനമായി കേരളം മാറിയത് ശ്രദ്ധേയമാണ്. പൊതുവിതരണ രംഗം കാര്യക്ഷമമാക്കിയതും കെ-സ്റ്റോർ പദ്ധതി ആവിഷ്കരിച്ചതും ആധാർ കാർഡുമായി ലിങ്ക് ചെയ്തുകൊണ്ട് വഴിയോരത്ത് താമസിക്കുന്നവരുൾപ്പെടെ എല്ലാവർക്കും റേഷൻ കാർഡ് അനുവദിച്ചതും അഭിനന്ദനാർഹമാണ്.

ശ്രീ. കെ. പി. എ. മജീദ്: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ എതിർക്കുന്നു. നയപ്രഖ്യാപന പ്രസംഗത്തിൽ കേന്ദ്ര സർക്കാരിന്റെ തെറ്റായ നയസമീപനങ്ങളെക്കുറിച്ച് യാതൊന്നും പരാമർശിക്കാത്തതും കേരളത്തിലെ ദുർബല ജനവിഭാഗങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാതെ സർക്കാരിന്റെ നേട്ടങ്ങളെമാത്രം വിവരിച്ചതും ഖേദകരമാണ്. വയോമിത്രം, മെഡിസെപ് തുടങ്ങിയ പദ്ധതികളൊന്നും നടപ്പാകുന്നില്ല. മലപ്പുറം ജില്ലയിലെ നാട്ടുകാണി-പരപ്പനങ്ങാടി റോഡ് ഗതാഗതയോഗ്യമാക്കുമെന്ന ഉറപ്പ് പാലിക്കാത്തത് അപലപനീയമാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്താങ്ങുന്നു. കെ-ഫോൺ, എ.ഐ. ക്യാമറ തുടങ്ങിയ സർക്കാരിന്റെ നൂതന സംരംഭങ്ങളെ എതിർക്കുന്ന പ്രതിപക്ഷ നിലപാട് അപലപനീയമാണ്. നീതി ആയോഗിന്റെ റിപ്പോർട്ട് പ്രകാരം രാജ്യത്തെ ഏറ്റവും മികച്ച സർക്കാരായി കേരളത്തിലെ ഇടതുപക്ഷ സർക്കാർ തുടരുന്നത് അഭിനന്ദനാർഹമാണ്. പൊതുവിദ്യാഭ്യാസ-പൊതുജനാരോഗ്യ മേഖലകളിൽ പുരോഗതി കൈവരിക്കാൻ സാധിച്ചതും കെ-ഫോൺ പദ്ധതി സാധ്യമായതും ഭൂരിഭാഗം പൊതുമരാമത്ത് റോഡുകളും ബി.എം&ബി.സി. നിലവാരത്തിലേയ്ക്കുയർത്തിയതും സർക്കാരിന്റെ നേട്ടങ്ങളാണ്.

കേരളത്തിന്റെ വികസനവും അഭിവൃദ്ധിയും മെച്ചപ്പെടുത്തുകയെന്ന കാഴ്ചപ്പാടിനാണ് സർക്കാർ ഊന്നൽ നൽകുന്നത്.

ശ്രീ. മാണി സി. കാപ്പൻ: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ എതിർക്കുന്നു. സംസ്ഥാനം നേരിടുന്ന രൂക്ഷമായ ധനപ്രതിസന്ധിയും ജനകീയ പ്രശ്നങ്ങളും പരിഹരിക്കാനുള്ള യാതൊരു നടപടിയും നയപ്രഖ്യാപന പ്രസംഗത്തിൽ നിർദേശിച്ചിട്ടില്ല. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതോടൊപ്പം വന്യജീവി ആക്രമണത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 20 ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്ക് 10 ലക്ഷം രൂപയും നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കണം. നെല്ലിന്റെ താങ്ങുവില കേന്ദ്ര സർക്കാർ വർധിപ്പിക്കുമ്പോൾ ആനുപാതികമായി താങ്ങുവില കുറയ്ക്കുന്ന സംസ്ഥാന സർക്കാരിന്റെ സമീപനം ഖേദകരമാണ്. റബ്ബറിന്റെ താങ്ങുവില 250 രൂപയായി ഉയർത്തുമെന്ന വാഗ്ദാനം പാലിക്കുന്നതിന് നടപടി സ്വീകരിക്കണം. യുവതീ-യുവാക്കളുടെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനും വരുമാനദായകമായ തൊഴിൽ മേഖല സൃഷ്ടിക്കുന്നതിനും വിലക്കയറ്റം തടയുന്നതിനും നടപടി സ്വീകരിക്കണം. വൈദ്യുതി, വെള്ളം എന്നിവയുടെയും ഭൂനികുതി, കെട്ടിട നികുതി, കെട്ടിട

നിർമ്മാണ പെർമിറ്റ് ചാർജ് എന്നിവയുടെയും അനിയന്ത്രിതമായ വർധനവ് തടയാൻ നടപടി സ്വീകരിക്കണം. കോൾഡ് സ്റ്റോറേജുകൾ, ഫുഡ് പാർക്കുകൾ, വ്യവസായ പാർക്കുകൾ എന്നിവ സ്ഥാപിച്ച് മൂല്യവർധിത ഉൽപന്നങ്ങളുണ്ടാക്കി ജനങ്ങൾക്ക് തൊഴിൽ നൽകുന്നതിനും അതുവഴി തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. കേന്ദ്രത്തിന്റെ ജനവിരുദ്ധ നയങ്ങളെ ശക്തമായി എതിർക്കുന്നതോടൊപ്പം കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും പരമാവധി കേന്ദ്ര ഫണ്ട് നേടിയെടുക്കുന്നതിനും നടപടി സ്വീകരിക്കണം. കേന്ദ്ര സർക്കാരിന്റെ സംസ്ഥാന വിരുദ്ധ നയങ്ങൾക്കെതിരെ ബദൽ നയങ്ങളും പദ്ധതികളും മുന്നോട്ടുവച്ച് മുന്നേറാൻ സാധിക്കണം. ഭിന്നശേഷി ഒളിമ്പിക്സിൽ മെഡൽ നേടിയ താരങ്ങളെ ആദരിക്കാൻ തയ്യാറാകാത്തതും എൻ.സി.സി. കേഡറ്റുകൾക്കും സ്പോർട്സ് കൗൺസിലിനുകീഴിലുള്ള സ്പോർട്സ് ഹോസ്റ്റലുകൾ, സർക്കാർ സ്കൂളുകൾ എന്നിവിടങ്ങളിലെ കുട്ടികൾക്കും ഉച്ചഭക്ഷണത്തിനുള്ള ഫണ്ട് നൽകാത്തതും ഖേദകരമാണ്.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്താങ്ങുന്നു. സർക്കാരിന്റെ ആനുകൂല്യങ്ങൾ കൃത്യമായി ജനങ്ങൾക്ക് ലഭ്യമാക്കുന്ന തരത്തിലേക്ക് ഭരണ സിരാകേന്ദ്രങ്ങൾ മാറിയിട്ടുണ്ടെന്നുള്ളത്

അഭിമാനാർഹമായ കാര്യമാണ്. പൊതുമരാമത്ത് വകുപ്പിൽ കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ നടപ്പാക്കാനും ടൂറിസം മേഖലയിൽ വൻ കുതിച്ചുചാട്ടമുണ്ടാക്കാനും സാധിച്ചത് അഭിനന്ദനാർഹമാണ്. വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനും പുതിയ അധ്യയനരീതി നടപ്പാക്കുന്നതിനും മുൻകൈയെടുത്ത മന്ത്രിയെ അഭിനന്ദിക്കുന്നു. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി അതിദരിദ്രരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാക്കാൻ സാധിച്ചതുൾപ്പെടെ സമസ്ത മേഖലകളിലും ക്രിയാത്മകമായ പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. എൻ. കെ. അക്ബർ</u>: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്താങ്ങുന്നു. സർക്കാർ നടത്തുന്ന വികസന പ്രവർത്തനങ്ങളെ തുരങ്കം വയ്ക്കുന്ന പ്രതിപക്ഷ സമീപനം ലജ്ജാകരമാണ്. മത തീവ്രവാദികളുമായിച്ചേർന്ന് അധികാരം പിടിച്ചെടുക്കുന്നതിനുള്ള ശ്രമങ്ങളാണ് യു.ഡി.എഫ്. നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീമതി ദെലീമ</u>: നന്ദിരേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്താങ്ങുന്നു. നാടിന്റെ സർവ്വതോന്മുഖമായ വളർച്ച ഉറപ്പാക്കിക്കൊണ്ടുള്ള വികസനക്ഷേമ പദ്ധതികളാണ് ഈ സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഈ ഭരണ

കാലയളവിൽ 4.25 ലക്ഷം വീടുകൾ പൂർത്തീകരിച്ച് നൽകിയതിനുപുറമെ 1,13,000 വീടുകൾ നിർമ്മാണത്തിന്റെ അവസാനഘട്ടത്തിലുമാണ്. മൂന്നുവർഷംകൊണ്ട് 1,80,887 കുടുംബങ്ങൾക്ക് പട്ടയം നൽകിയതുകൂടാതെ 1,90,000 പേർക്കുകൂടി പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചതിലൂടെ 'ഭൂരഹിതരില്ലാത്ത ഭവനരഹിതരില്ലാത്ത കേരളം' എന്ന നേട്ടം കൈവരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. എം.എസ്.എം.ഇ. വ്യവസായങ്ങൾക്ക് 5 വർഷത്തേയ്ക്ക് വൈദ്യുതി നികുതി ഒഴിവാക്കിയും സ്ത്രീകൾ, പട്ടികജാതി/പട്ടികവർഗ സംരംഭകർ എന്നിവർക്ക് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ചാർജ് എന്നിവയിൽ ഇളവ് നൽകിയും വൻകിട വ്യവസായങ്ങൾക്ക് 10 കോടി രൂപവരെ സബ്സിഡി നൽകിയും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിച്ചും കേരളത്തിന്റെ വ്യവസായ പുരോഗതിക്കുവേണ്ടി ഒട്ടനവധി പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അരൂരിൽ മെഗാ ഫുഡ് പാർക്ക്, ഇൻഫോ പാർക്ക്, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവ ആരംഭിച്ച് നിരവധി ആളുകൾക്ക് തൊഴിൽ ലഭ്യമാക്കാനായത് എടുത്തുപറയേണ്ടതാണ്. അന്തർദേശീയ നിലവാരമുള്ള റോഡുകളും പാലങ്ങളും നിർമ്മിച്ച് മികച്ച രീതിയിൽ കേരളം

മുന്നേറുമ്പോഴും പ്രതിപക്ഷം ഇതൊന്നും കാണാതെ പോകുന്നുവെന്നത് ഖേദകരമാണ്. ഗ്രാമീണ മേഖലയിലൂൾപ്പെടെ മികച്ച സേവന-വേതന വ്യവസ്ഥ നടപ്പാക്കാനായതും വയനാട് ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ വേഗത്തിലാക്കാനായതും പ്രശംസനീയമാണ്. അരൂർ മണ്ഡലത്തിലെ തീരദേശ കായലോര നിവാസികളുടെ ജീവൽപ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: നന്ദിരേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ എതിർക്കുന്നു. ജാതി-മത-വർഗ്ഗീയ ചിന്തകൾക്കതീതമായി വോട്ടുചെയ്ത് വിജയിപ്പിച്ച പാലക്കാട്ടെ ജനങ്ങൾക്ക് നന്ദി അറിയിക്കുന്നു. കാർഷികമേഖലയെ മെച്ചപ്പെടുത്താനെന്ന വ്യാജേന നിക്ഷിപ്ത താൽപര്യ സംരക്ഷണത്തിനായി ബ്രൂവറി ആരംഭിക്കാനുള്ള നീക്കത്തിൽനിന്നും സർക്കാർ പിൻമാറണം. പാലക്കാട് കാർഷിക പാക്കേജ് നടപ്പാക്കുന്നതിനും വികസന പ്രവർത്തനങ്ങൾക്കായി തുക അനുവദിക്കുന്നതിൽ പ്രതിപക്ഷ എം.എൽ.എ.-മാരോട് കാണിക്കുന്ന വിവേചനം അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. ടി. എ. റഹീം:</u> നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഇടതുപക്ഷ മുന്നണി സർക്കാർ കോവിഡ് കാലത്ത്

നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങളും പൗരത്വ വിഷയവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികളും വളരെയേറെ പ്രശംസനീയമാണ്. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും സമസ്ത മേഖലകളിലും വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സർക്കാരിനെ വർഗ്ഗീയത പ്രചരിപ്പിച്ച് തകർക്കാനുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. കെ. ആൻസലൻ: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്താങ്ങുന്നു. വികസന മുന്നേറ്റമുണ്ടാക്കുന്നതിൽ കേരളത്തിലെ ഇടതുപക്ഷ സർക്കാരുകൾ വഹിച്ചിട്ടുള്ള പങ്ക് ശ്ലാഘനീയമാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ നിയോജകമണ്ഡലങ്ങളിലെയും പദ്ധതികൾ പൂർത്തീകരിക്കാൻ കിഫ്ബിയിലൂടെ സാധിച്ചിട്ടുണ്ട്. റവന്യൂ വരുമാനം വർധിപ്പിച്ചുകൊണ്ട് വികസന ക്ഷേമ പ്രവർത്തനങ്ങളിലൂടെ മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ജനദ്രോഹ നടപടികളുടെ ഭാഗമായി സാമ്പത്തിക വെട്ടിച്ചുരുക്കൽ നടത്തിയത് അപലപനീയമാണ്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും സർക്കാർ ജീവനക്കാർക്ക് അർഹമായിട്ടുള്ള ആനുകൂല്യങ്ങൾ നൽകുമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനായി 8500 കോടി

രൂപയാണ് ഈ സർക്കാർ മാറ്റിവച്ചിട്ടുള്ളത്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നാമമാത്രമായ വൈദ്യുതി നിരക്ക് വർധനവാണ് കേരളത്തിൽ ഇടതുപക്ഷ സർക്കാർ നടപ്പാക്കിയതെങ്കിലും അഴിമതിയാരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെ തകർക്കുന്നതിനുള്ള ശ്രമങ്ങളാണ് പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. യു. എ. ലത്തീഫ്: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ എതിർക്കുന്നു. ജനജീവിതത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ ഒരു നടപടിയും ഗവർണ്ണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. മഞ്ചേരി മെഡിക്കൽ കോളേജിൽ നിർത്തലാക്കിയ രാത്രികാല പോസ്റ്റ്മോർട്ടം പുനരാരംഭിക്കാനും മഞ്ചേരി മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി എന്നിവയുടെ നവീകരണത്തിനായി ഭൂമി ഏറ്റെടുക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്താങ്ങുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ വെട്ടിച്ചുരുക്കിയ കേന്ദ്ര വിഹിതം നേടിയെടുക്കാൻ പ്രതിപക്ഷത്തിന്റെകൂടി സഹകരണം ആവശ്യമാണ്. വിഴിഞ്ഞം തുറമുഖത്തെ സമുദ്രമേഖലയിലെ മികവിന്റെ ഹബ്ബാക്കി മാറ്റാനുള്ള സർക്കാരിന്റെ ശ്രമത്തെ അഭിനന്ദിക്കുന്നു. നവകേരള സൃഷ്ടിക്കുതകുന്ന വികസനപ്രവർത്തനങ്ങൾക്കാണ്

നയപ്രഖ്യാപനത്തിൽ ഊന്നൽ നൽകിയിട്ടുള്ളത്. മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ വൈപ്പിൻ മണ്ഡലത്തിലെ എടവനക്കാട് ഒരു ഇൻഡസ്ട്രിയൽ പോർട്ട് സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. എച്ച് സലാം</u>: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്താങ്ങുന്നു. സംസ്ഥാനത്തിന്റെ ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാടാണ് നയപ്രഖ്യാപനത്തിൽ വ്യക്തമാക്കിയിരിക്കുന്നത്. ബ്രൂവറിയുമായി ബന്ധപ്പെട്ട അഴിമതിയാരോപണം വസ്തുതാപരമല്ല. സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിച്ചത് അഭിനന്ദനാർഹമാണ്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ സമഗ്ര വികസനം കാഴ്ചവയ്ക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീ. മാത്യു ടി. തോമസ്</u>: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്താങ്ങുന്നു. കഴിഞ്ഞ എട്ട് വർഷങ്ങൾക്കുള്ളിൽ സർക്കാരിനെതിരെ ഒരു അഴിമതി ആരോപണംപോലും ഉന്നയിക്കാൻ പ്രതിപക്ഷത്തിന് സാധിച്ചിട്ടില്ല. പശ്ചാത്തല സൗകര്യങ്ങൾ ഉന്നത നിലവാരത്തിലെത്തിച്ച് നവകേരളം യാഥാർത്ഥ്യമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കിഫ്ബിയിലൂടെ 80,000

കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ നൂതന സാങ്കേതികവിദ്യയും നിർമ്മിത ബുദ്ധിയും അവലംബിച്ച് പുതുതലമുറയെ സജ്ജമാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. 5,38,518 വീടുകൾ നിർമ്മിച്ചുനൽകിക്കൊണ്ട് എല്ലാവർക്കും ഭവനമെന്ന ലക്ഷ്യം കൈവരിച്ചതും അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാനുള്ള പദ്ധതികളാരംഭിച്ചതും എടുത്തുപറയത്തക്കതാണ്. ഹരിത കർമ്മസേനയെ ഉപയോഗിച്ച് മാലിന്യമുക്ത നവകേരളമെന്ന ആശയം ഫലപ്രദമായി നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റിയെടുക്കാൻ ഈസ് ഓഫ് ഡൂയിങ് ബിസിനസ് നടപ്പാക്കിയതും ക്ഷീരോൽപാദന/പച്ചക്കറി മേഖലകളിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള ഇടപെടലുകൾ നടത്തുന്നതും സ്വാഗതാർഹമാണ്.

<u>ശ്രീ. നജീബ് കാന്തപുരം</u>: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ എതിർക്കുന്നു. ലഹരിവിരുദ്ധ നിലപാടുകൾ സ്വീകരിക്കുന്നതിന് പകരം ബ്രൂവറി സ്ഥാപിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. ലഹരിക്കെതിരായ പ്രവർത്തനങ്ങളെക്കുറിച്ച് യാതൊന്നും നയപ്രഖ്യാപനത്തിൽ പരാമർശിച്ചിട്ടില്ല. പരിഷ്കരിച്ച സ്കൂൾ

പാഠ്യപദ്ധതിയിലും ലഹരിക്കെതിരായ ഒരു പദംപോലും ഉൾപ്പെടുത്തിയിട്ടില്ലാത്തത് ഖേദകരമാണ്.

ശ്രീ. വി. ആർ. സുനിൽ കുമാർ: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്താങ്ങുന്നു. എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് പഠനമുറികൾ നിർമ്മിച്ചുകൊടുത്തതോടൊപ്പം വിദേശ രാജ്യങ്ങളിൽ പഠിക്കാനും ജോലി ചെയ്യാനുമുള്ള അവസരങ്ങൾ ഒരുക്കിക്കൊടുത്തതും എടുത്തുപറയത്തക്കതാണ്. ലൈഫ് പദ്ധതിയിലൂടെ എല്ലാവർക്കും വീടെന്ന സങ്കല്പം യാഥാർത്ഥ്യമാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാർ സഹകരണ മേഖലയെ തകർക്കാൻ ശ്രമിക്കുന്നതിനിടയിലും അതിനെ ഉന്നതിയിലെത്തിക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. ഭിന്നശേഷി ഉന്നമനം, തൊഴിലന്വേഷകരുടെ നൈപുണ്യശേഷി വികസനം, ചെറുകിട കച്ചവടക്കാർക്കുള്ള സഹായഹസ്തം തുടങ്ങിയ നിരവധി പദ്ധതികൾ സഹകരണ മേഖലയിലൂടെ നടപ്പാക്കിയിട്ടുണ്ട്. രേഖകൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുകയും ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറുകയും ചെയ്തതോടെ സംസ്ഥാന ലാൻഡ് റവന്യൂ വകുപ്പ് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായിരിക്കുകയാണ്. 515 വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. കടുത്ത

സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും കാർഷിക മേഖലയ്ക്കുവേണ്ടി സംസ്ഥാന സർക്കാർ പ്ലാൻ വിഹിതമായി അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. കേന്ദ്രം പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം വിറ്റഴിക്കാൻ ശ്രമിക്കുമ്പോഴും കേരളം അവയെ ഏറ്റെടുക്കുന്ന സാഹചര്യമാണുള്ളത്. വ്യവസായ മേഖലയിൽ 20500 കോടിയിൽപ്പരം രൂപയുടെ നിക്ഷേപം കൊണ്ടുവരാനും 7 ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര വിഹിതം വെട്ടിക്കുറച്ചിട്ടും ആരോഗ്യ മേഖലയിൽ സർക്കാർ കാര്യക്ഷമമായ ഇടപെടലുകളാണ് നടത്തിവരുന്നത്.

<u>ശ്രീ. എം. വിൻസെന്റ്</u>: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ എതിർക്കുന്നു. 2021-ലെ നയപ്രഖ്യാപനത്തിൽ വാഗ്ദാനം ചെയ്ത പല പദ്ധതികളും ഇതുവരെ പ്രാവർത്തികമാക്കിയിട്ടില്ല. ആശ്വാസ കിരണം, സമാശ്വാസം ഉൾപ്പെടെയുള്ള വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികളിലെ കുടിശ്ശിക അനുവദിക്കുന്നതിനും ബാലരാമപുരം കൊടിനട - വഴിമുക്ക് റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ഇതിനായി ഭൂമി വിട്ടുനൽകിയവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. നന്ദകുമാർ: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്താങ്ങുന്നു. സാമ്പത്തിക പ്രതിസന്ധിക്കിടയിലും സമസ്ത മേഖലകളിലും വികസനം സാധ്യമാക്കുന്ന ജനക്ഷേമപദ്ധതികളുമായി മുന്നോട്ടുപോകുന്ന സർക്കാരിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ആരംഭിച്ചത് സർക്കാരിന്റെ സാമൂഹ്യപ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. തെറ്റായ പ്രചാരണങ്ങൾ നടത്തി സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെ അട്ടിമറിക്കാനുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്. സർക്കാരിന്റെ ജനക്ഷേമകരമായ പ്രവർത്തനങ്ങളെ എതിർക്കുകയും വർഗ്ഗീയവാദികളെ പ്രീണിപ്പിക്കുകയും ചെയ്യുന്ന സമീപനം പ്രതിപക്ഷം അവസാനിപ്പിക്കണം. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങളെ എതിർക്കാൻ തയ്യാറാകാത്ത പ്രതിപക്ഷ നിലപാട് അപലപനീയമാണ്.

സഭ ഉച്ചയ്ക്കുശേഷം 2.20-ന് പിരിഞ്ഞു.

*******